GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/07/2026

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പെരുമ്പാവൂർ നിയോജക മണ്ഡലം ഞാറ്റുവേല ഫെസ്റ്റ് 'ഞാറ്റുപൊലിമ 2026' എന്ന പേരിൽ സംഘടിപ്പിക്കുകയാണ്. 2026 ജൂലൈ 4, 5 (ശനി, ഞായർ) തീയതികളിൽ പെരുമ്പാവൂർ സുഭാഷ് മൈതാനിയിൽ വച്ച് നടക്കുന്ന ഞാറ്റുവേല ഫെസ്റ്റ് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി റ്റി. സിദ്ദിഖ് ഇന്ന് (ജൂലൈ 4 ശനിയാഴ്ച) രാവിലെ 9 മണിക്ക് ഉദ്ഘാടനം ചെയ്യും. ബെന്നി ബഹനാൻ എം. പി. മുഖ്യാതിഥിയായി പങ്കെടുക്കും. കാർഷിക പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ, കലാപരിപാടികൾ, കാർഷിക മരങ്ങൾ എന്നിവയോടുകൂടി സംഘടിപ്പിച്ചിട്ടുള്ള ഞാറ്റുവേല ഫെസ്റ്റിന്റെ വിവിധ പരിപാടികളിൽ

ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **നിലമേൽ കൃഷിഭവനിൽ** വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 04 ശനിയാഴ്ച) രാവിലെ 10 മണിക്ക് ചടയമംഗലം എം എൽ എ, എം എം നസീർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **ചവറ തെക്കുംഭാഗം** കൃഷിഭവനിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 04 ശനിയാഴ്ച) രാവിലെ 10 മണിക്ക് **തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്** പ്രസിഡന്റ് വിജയശ്രീ മംഗളൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു. ഇതോടനുബന്ധിച്ച് "മണ്ണ് സംരക്ഷണവും വിള ആരോഗ്യപരിപാലനവും" എന്ന വിഷയത്തിൽ ഒരു ബോധവത്കരണ ക്ലാസും ഉണ്ടായിരിക്കുന്നതാണ്.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **പന്മന** കൃഷിഭവനിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 04 ശനിയാഴ്ച) രാവിലെ 10.30 മണിക്ക് **പന്മന ഗ്രാമപഞ്ചായത്ത്** പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി ഉദ്ഘാടനം നിർവ്വഹിക്കുന്നു. ഇതോടനുബന്ധിച്ച് പച്ചക്കറി കൃഷിയിലെ

സംയോജിത കീടനിയന്ത്രണം എന്ന വിഷയത്തിൽ പരിശീലന ക്ലാസും ഉണ്ടായിരിക്കുന്നതാണ്.

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **ഏരൂർ, ഇടമുളയ്ക്കൽ** കൃഷിഭവനുകളിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 04 ശനിയാഴ്ച) പുനലൂർ എം എൽ എ സി അജയപ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **കരീപ്ര ഗ്രാമപഞ്ചായത്ത്** കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 04 ശനിയാഴ്ച) രാവിലെ 10 മണിക്ക് എം എൻ സ്മാരക ഹാളിൽ വച്ച് **കരീപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്** മനു ബിനോദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

7. സബ് സിഡി വള വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും; 'ഫ്രെയിംവർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ' (Framework for Fertilizer Sale – FFS) എന്ന പുതിയ ഡിജിറ്റൽ സംവിധാനം നടപ്പാക്കുന്നു. നിലവിലുള്ള ഇന്റഗ്രേറ്റഡ് ഫെർട്ടിലൈസർ മാനേജ്മെന്റ് സിസ്റ്റം (iFMS)–നൊപ്പം സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന ഈ സംവിധാനത്തിലൂടെ കർഷകർക്ക് ആവശ്യമായ വളം മുൻകൂട്ടി അപേക്ഷിച്ച് ഉറപ്പുവരുത്താനും സമയബന്ധിതമായി ലഭ്യമാക്കാനും സാധിക്കും. മൊബൈൽ ആപ്പ്, വെബ് പോർട്ടൽ എന്നിവ വഴിയോ അല്ലെങ്കിൽ കോമൺ സർവീസ്

സെന്ററുകൾ (CSC), പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS), സഹകരണ സ്ഥാപനങ്ങൾ, വളവിൽപ്പന കേന്ദ്രങ്ങൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെയോ അപേക്ഷ സമർപ്പിക്കാം. ആധാർ അധിഷ്ഠിത ഇ-കെവൈസി പൂർത്തിയാക്കിയ ശേഷം ഭൂവിസ്തൃതിയും കൃഷിചെയ്യുന്ന വിളയും അടിസ്ഥാനമാക്കി സംവിധാനത്തിൽ ശുപാർശ ചെയ്യുന്ന വളത്തിന്റെ അളവ് ലഭ്യമാകും. അപേക്ഷ അംഗീകരിച്ചാൽ സ്റ്റോക്ക് ലഭ്യമായ വളവിൽപ്പന കേന്ദ്രങ്ങളുടെ പട്ടിക കർഷകന് ലഭിക്കും. തുടർന്ന് ലഭിക്കുന്ന ക്യു.ആർ. കോഡോ ടോക്കൺ നമ്പറോ ഉപയോഗിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തിരഞ്ഞെടുത്ത കടയിൽ നിന്ന് സബ്സിഡി വളം കൈപ്പറ്റാനാകും.